28 (320) സംസ്ഥാനത്തെ മദ്യ ഉപഭോഗം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മദ്യഉപഭോഗത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ പ്രതിവർഷം വിറ്റഴിക്കപ്പെടുന്ന മദ്യത്തിന്റെ അളവെത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്പിരിറ്റിൽ കളർ ചേർത്തു ഇൻഡ്യൻ നിർമ്മിതവിദേശ മദ്യത്തിന്റെ ലേബലിൽ സംസ്ഥാനത്ത് വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ഡി) സംസ്ഥാനത്തെ കള്ളവാറ്റ് ഫലപ്രദമായി തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.ബി.സി. യുടെ വിവിധ ജില്ലകളിലെ വെയർഹൗസുകളിൽനിന്നും വിറ്റഴിക്കപ്പെട്ട മദ്യത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 1998-99-ൽ 56463375 ബൾക്ക് ലിറ്ററും നടപ്പ് സാമ്പത്തിക വർഷം ഏപ്രിൽ, മെയ് മാസങ്ങളിൽ 1,04,51,187 ബൾക്ക് ലിറ്ററും മദ്യം വിറ്റിട്ടുണ്ട്.

(സി) ഇല്ല.

(ഡി) വ്യാജ മദ്യ ഉല്പാദനവും വില്പനയും നടക്കുന്നതിന് അടിക്കടി റെയ്ഡുകളും മിന്നൽ പരിശോധനകളും നടത്തി വ്യാജമദ്യവും വാറ്റുപകരണങ്ങളും നശിപ്പിക്കുകയും കുറ്റക്കാർക്കെതിരെ അബ്കാരി ആക്ട് അനുസരിച്ച് കേസ്സുകൾ എടുക്കുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ 'ക്രൈം സ്റ്റോപ്പർ' കോൾ മുഖേന ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. ജില്ലാ ബ്ലോക്ക് തലങ്ങളിൽ ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ജനകീയ സമിതികൾ രൂപീകരിച്ച് ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

29 (321) സംസ്ഥാനത്തെ മദ്യഷാപ്പുകൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്; റെയിഞ്ച് തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) 1999-2000 വർഷത്തിൽ ഈ കള്ളുഷാപ്പുകൾ എന്ത് തുകയ്ക്കാണ് ലേലം നൽകിയിട്ടുള്ളത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1996-97, 1997-98, 1998-99 എന്നീ സാമ്പത്തികവർഷങ്ങളിൽ കള്ളുഷാപ്പ് ലേലത്തിൽ ഓരോ വർഷവും സർക്കാരിനു ലഭിച്ച തുക എത്ര;

(ഡി) പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ മദ്യഷാപ്പ് ഉടമകൾ ഉദ്യോഗസ്ഥന്മാർക്കും, രാഷ്ട്രീയക്കാർക്കും മാസപ്പടി നൽകി എന്ന ആരോപണത്തിന്മേൽ ഗവൺമെന്റ് എടുത്ത കേസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഇ) ഈ കേസുകളിൽ ഉൾപ്പെട്ട അബ്കാരി കോൺട്രാക്ടർമാർ ആരെല്ലാമാണ്;

(എഫ്) ഈ കോൺട്രാക്ടർമാരിൽ ആരെല്ലാം തിരുവനന്തപുരം ജില്ലയിൽ കള്ളുഷാപ്പുകൾ, ബ്രാണ്ടി കടകൾ, ബാറുകൾ എന്നിവ നടത്തിവരുന്നു;

(ജി) മാസപ്പടി കേസുമായി ബന്ധപ്പെട്ട അബ്കാരി കോൺട്രാക്ടർമാർ സർക്കാരിനു നൽകാനുള്ള കുടിശ്ശികയിനത്തിൽ എന്തെങ്കിലും സ്റ്റേ അനുവദിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൊത്തം 5981 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. (വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്)†

(ബി) 1,24,25,28,394 രൂപയ്ക്ക്.

(സി)

വർഷം	ലഭിച്ച തുക
1996-97	511929750 രൂപ
1997-98	1247857663 രൂപ
1998-99	833743563 രൂപ

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ),(എഫ്), (ജി)&(എച്ച്) വിവരം ശേഖരിച്ചുവരുന്നു.

30 (322) "സംസ്ഥാനത്തെ മദ്യ ഷാപ്പുകളുടെ എണ്ണം"

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മദ്യ ഷാപ്പുകൾ പ്രവർത്തിക്കുന്നു;

(ബി) എത്ര ബാർ ഹോട്ടലുകൾ സംസ്ഥാനത്തുണ്ട്;

(സി) എത്ര ബിയർ പാർലറുകൾ സംസ്ഥാനത്താകമാനം പ്രവർത്തനം നടത്തുന്നു;

(ഡി) സംസ്ഥാനത്ത് ഇൻഡ്യൻ നിർമ്മിത വിദേശമദ്യം മൊത്തമായും ചില്ലറയ്ക്കായും വില്പന നടത്തുന്ന എത്ര മദ്യ കടകൾ ഉണ്ട്;

(ഇ) സംസ്ഥാനത്ത് അനധികൃത മദ്യം വില്ക്കുന്ന എത്ര കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly